**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
ഇ-മെയിൽ:cgacdhse@gmail.com
ഫോൺ:- 0471 2323198

**സി ജി & എ സി /65226/2015** **തീയതി : 29/01/2016**

# സർക്കുലർ

വിഷയം:- നിയമാനുസൃത ലൈസൻസില്ലാതെയും ഹെൽമറ്റ് ധരിക്കാതെയും വിദ്യാർത്ഥികൾ വാഹനങ്ങൾ സ്കൂളുകളിൽ കൊണ്ടു വരുന്നതു സംബന്ധിച്ച്:-

സൂചന :- കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷന്റെ 30/09/2015 ലെ സി.ആർ.എം.പി നം 3982/11/LA2/2015/KeSCPCR ഉത്തരവ്

നിയമാനുസൃത ലൈസൻസില്ലാതെയും മദ്യപിച്ചും വാഹനമോടിച്ച് അപകടത്തിൽപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായ മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയും 2005 ലെ ബാലവകാശ സംരക്ഷണ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച് ഉത്തരവായ ശുപാർശകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഗതാഗത വകുപ്പിന്റെ സഹായത്തോടെ സ്കൂളുകൾ കേന്ദ്രീകരിച്ച് ട്രാഫിക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ് .
2. നിയമാനുസൃത ലൈസൻസില്ലാതെയൊ ഹെൽമറ്റ് ധരിക്കാതെയൊ ഏതെങ്കിലും വിദ്യാർത്ഥി വാഹനങ്ങൾ സ്കൂളിലേക്ക് കൊണ്ടു വന്നാൽ പ്രസ്തുത വാഹനങ്ങൾ സ്കൂൾ പ്രിൻസിപ്പാൾ നിയന്ത്രണത്തിലാക്കി മോട്ടോർ വാഹന വകുപ്പിനെയൊ പോലീസിനെയൊ വിവരമറിയിക്കേണ്ടതും കൂടാതെ

കുട്ടിയുടെ രക്ഷിതാവിനെയും വിവരമറിയിക്കേണ്ടതും ഒരിക്കലും കുട്ടിക്ക് വാഹനം തിരിച്ച് നൽകുവാൻ പാടില്ലാത്തതുമാണ്.

3. ഹെൽമറ്റ് ധരിച്ച് ഇരുചക്ര വാഹനമോടിക്കുന്നതിൽ അദ്ധ്യാപകർ മാതൃകയാകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും സ്കൂൾ ക്യാമ്പസിൽ നിയമാനുസൃത ലൈസൻസില്ലാതെ കുട്ടികൾ വാഹനമോടിക്കുന്നതുമൂലമുള്ള അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ പാടില്ലാത്തതുമാകുന്നു.

**(ഒപ്പ്)**
**കെ.വി.മോഹൻകുമാർ ഐ.എ.എസ്**
**ഡയറക്ടർ**

റീജിയണൽ ഡയറക്ടർമാർ

പ്രിൻസിപ്പാൾമാർ